**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1643** **08-02-2023 - ൽ മറുപടിയ്ക്ക്**

**വിളനാശം സംഭവിച്ച കർഷകനുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പുതുപ്പാടി കൃഷിഭവൻ പരിധിയിൽ 2019 ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രകൃതിക്ഷോഭം മൂലം വിളകൾക്ക് നാശനഷ്ടം സംഭവിച്ച അഹമ്മദ് നാഗാളിക്കാവ് എന്ന കർഷകന് നഷ്ടപരിഹാരത്തുക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ശ്രീ. അഹമ്മദ് നാഗാളിക്കാവിന് നഷ്ടപരിഹാരത്തുകയായി എസ്.ഡി.ആർ.എഫ്. വിഹിതം 2834/- രൂപയും സംസ്ഥാന വിഹിതം 19001/- രൂപയും അനുവദിച്ചിരുന്നു. എസ്.ഡി.ആർ.എഫ്. വിഹിതമായ 2834/- രൂപ 31.01.2022ൽ ടിയാന്റെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ സംസ്ഥാന വിഹിതമായ 19001/- രൂപ ടിയാൻ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്തപ്പോൾ ഉണ്ടായ അക്കൗണ്ട് നമ്പറിലെ സാങ്കേതിക പിഴവുമൂലം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത വിഷയത്തിൽ കൃഷി ഡയറക്ടർ ലഭ്യമാക്കിയ കത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നടപടിക്രമം പുറപ്പെടുവിച്ച് തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം കൃഷി ഡയറക്ടർക്ക് നല്കിയിട്ടുണ്ട്. |
| (ബി) | കർഷകന്റെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച പിഴവുമൂലം പണം നൽകാൻ കഴിഞ്ഞിട്ടില്ല എന്ന് ചൂണ്ടിക്കാട്ടി പുതുപ്പാടി കൃഷി ഓഫീസർ, കൃഷി വകുപ്പ് ഡയറക്ടർക്ക് നൽകിയ കത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രീ. അഹമ്മദ് നാഗാളിക്കാവിന് നഷ്ടപരിഹാരത്തുകയായി എസ്.ഡി.ആർ.എഫ്. വിഹിതം 2834/- രൂപയും സംസ്ഥാന വിഹിതം 19001/- രൂപയും അനുവദിച്ചിരുന്നു. എസ്.ഡി.ആർ.എഫ്. വിഹിതമായ 2834/- രൂപ 31.01.2022ൽ ടിയാന്റെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ സംസ്ഥാന വിഹിതമായ 19001/- രൂപ ടിയാൻ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്തപ്പോൾ ഉണ്ടായ അക്കൗണ്ട് നമ്പറിലെ സാങ്കേതിക പിഴവുമൂലം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത വിഷയത്തിൽ കൃഷി ഡയറക്ടർ ലഭ്യമാക്കിയ കത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നടപടിക്രമം പുറപ്പെടുവിച്ച് തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം കൃഷി ഡയറക്ടർക്ക് നല്കിയിട്ടുണ്ട്. |
| (സി) | കൃഷി വകുപ്പിന്റെ 02/11/22 ലെ 871/വി.ഐ.പി./ എം./(അഗ്രി.)/22 നമ്പർ ഫയലിന്മേൽ സ്വീകരിച്ച | (സി) | പരാതി സംബന്ധിച്ച അന്വേഷണത്തിൽ എസ്.ഡി.ആർ.എഫ്. വിഹിതമായ 2834/- രൂപ |

| | | | |
|---|---|---|---|
| | നടപടി എന്തെല്ലാമെന്ന് വിശദമാക്കുമോ? | | **31.01.2022ൽ ടിയാന്റെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്നും എന്നാൽ സംസ്ഥാന വിഹിതമായ 19001/- രൂപ അക്കൗണ്ട് നമ്പറിലെ പിഴവുമൂലം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ലായെന്നും മനസ്സിലായിട്ടുണ്ട്. സംസ്ഥാന വിഹിതമായി അനുവദിച്ച തുക കർഷകന് ലഭ്യമാക്കുന്നതിനു വേണ്ടി പുതുക്കിയ നടപടിക്രമം പുറപ്പെടുവിച്ച് ഈ തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം കൃഷി ഡയറക്ടർക്ക് നല്കിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ